## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3386 11.05.2017 -ൽ മറുപടിക്ക്

## വിനോദസഞ്ചാരമേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) വിനോദ സഞ്ചാര മേഖലയെ ആഗോളതലത്തിലേയ്ക്ക് ഉയർത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) 1. വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും റോഡ്ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിക്കൽ.<br>2. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ വിപുലീകരണം.<br>3. കേരളത്തെ വിവാഹ/MICE/ഹണിമൂൺ ടൂറിസ ത്തിന്റെ ലക്ഷ്യസ്ഥാനമാക്കി മാറ്റുന്നതിനുള്ള ഓഫ് ലൈൻ / ഓൺലൈൻ പ്രചരണം<br>4. നവ മാധ്യമങ്ങളിലൂടെയുള്ള പ്രചരണ പരിപാടികൾ<br>5. കൊച്ചി ബിനാലെ, കേരള ട്രാവൽ മാർട്ട് എന്നിവയുടെ പ്രോൽസാഹനവും പ്രചരണവും.<br>6. കേരള ബ്ലോഗ് എക്സ് പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ. |
| ബി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം എത്രത്തോളമാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കിയുള്ള പ്രവർത്തനമാണ് കേരള ടൂറിസം നടപ്പാക്കി വരുന്നത്. കേരള ടൂറിസം വിദേശത്തും സ്വദേശത്തും സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകളിലും റോഡ്ഷോകളിലും സ്വകാര്യ സംരംഭകരെ പങ്കെടുപ്പിക്കാറുണ്ട്. സ്വകാര്യ മേഖലയിലുള്ള ടൂറിസം യൂണിറ്റുകൾക്ക് ക്ലാസിഫിക്കേഷൻ നൽകുന്നതു വഴി കേരള ടൂറിസത്തിന്റെ പ്രവർത്തനങ്ങളിൽ അവയെ പങ്കാളിയാക്കുന്നുണ്ട്. കേരള ടൂറിസം പല പദ്ധതികളും PPP മോഡലിൽ വിജയകരമായി നടപ്പാക്കി വരുന്നുണ്ട്. ടൂറിസം പോളിസി രൂപീകരണത്തിനായി സ്വകാര്യ മേഖലയിലുള്ള സംരംഭകരെ ഉൾപ്പെടുത്തി ഉപദേശ സമിതി രൂപീകരിച്ചിട്ടുണ്ട്. |
| സി) സംസ്ഥാന ടൂറിസത്തിന് ദേശീയ അന്തർദേശീയ തലത്തിൽ എന്തെല്ലാം | സി) കേരള ടൂറിസത്തിന് 2016-17 കാലഘട്ടത്തിൽ ലഭിച്ച പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്നു.<br>• വ്യാപാരമേളയായ WTM ലണ്ടനിൽ ജനങ്ങൾ തെരഞ്ഞെടുത്ത ഏറ്റവും നല്ല സ്റ്റാളിനുള്ള അവാർഡ്.<br>• |

പുരസ്കാരങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

- വിസിറ്റ് കേരള ടെലിവിഷൻ ക്യാമ്പയിനിനായി PATA ഗോൾഡ് അവാർഡ്.
- ഇംഗ്ലീഷ് ഭാഷയിലെ മികച്ച പ്രസിദ്ധീകരണത്തിനുള്ള നാഷണൽ ടൂറിസം അവാർഡ് (സ്പൈസ് റൂട്ട് കോഫി ടേബിൾ ബുക്ക്)
- ലോൺലി പ്ലാനറ്റ് മാഗസിൻ ഇന്ത്യയുടെ ഏറ്റവും മികച്ച ഫാമിലി ഡെസ്റ്റിനേഷനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു.
- ഫിത്തൂർ, മാഡ്രിഡ് അന്തർദ്ദേശീയ ടൂറിസം മേളയിൽ കേരളത്തിന് ബെസ്റ്റ് ടൂറിസം പവലിയൻ അവാർഡ് ലഭിച്ചു.
- ഇന്ത്യയിലെ മികച്ച വിശ്രമ ടൂറിസം കേന്ദ്രമായി കേരളത്തെ തിരഞ്ഞെടുത്തു (Runner up).
- ഉത്തരവാദിത്ത ടൂറിസത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി ഫിലിമിന് ലോകത്തെ ഏറ്റവും വലിയ ട്രാവൽ വ്യാപാര മേളയായ എ.റ്റി.ബി. ബർളിനിൽ ഗോൾഡൻ സിറ്റി ഗേറ്റ് പുരസ്കാരം കേരളത്തിന് ലഭിക്കുകയുണ്ടായി.
- വെബ് രത്ന അവാർഡ്, ഔട്ട്സ്റ്റാന്റിംഗ് കണ്ടന്റ് വിഭാഗത്തിൽ ഗോൾഡൻ ഐക്കൺ അവാർഡ് കേരള ടൂറിസത്തിന്റെ വെബ് സൈറ്റിന് ലഭിച്ചു (www.keralatourism.org).

സെക്ഷൻ ഓഫീസർ.